**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1553** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം പാറ അടക്കമുള്ള പ്രകൃതി വിഭവങ്ങൾ ലഭ്യമാകാത്തത് മൂലം പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഇവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് സമയബന്ധിതമായി ലഭ്യമാക്കാൻ കരാർ കമ്പനിക്ക് സാധിക്കാത്തത് നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നാളിതുവരെ ഏകദേശം 29.87 ലക്ഷം ടൺ കരിങ്കല്ലാണ് പുലിമുട്ട് നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുള്ളത്. പുലിമുട്ട് നിർമ്മാണം വൈകുന്നത് തുറമുഖത്തിന്റെ മറ്റ് നിർമ്മാണ പ്രവൃത്തികളായ ഡ്രഡ്ജിംഗ് & റിക്ലമേഷൻ, ബർത്ത് നിർമ്മാണം തുടങ്ങിയവയുടെ പുരോഗതിയെ ബാധിക്കുകയും, തുറമുഖത്തിന്റെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുമുണ്ട്.<br><br>പദ്ധതി പ്രദേശം ഉൾപ്പെട്ടുവരുന്ന തിരുവനന്തപുരം ജില്ലയുടേയും സമീപ ജില്ലകളായ കൊല്ലം, പത്തനംതിട്ട എന്നിവിടങ്ങളിൽ നിന്നും, അയൽ സംസ്ഥാനമായ തമിഴ്നാടിന്റെയും സമീപ പ്രദേശങ്ങളിൽ നിന്നും പദ്ധതിക്കാവശ്യമായ കരിങ്കല്ല് പ്രത്യേക ക്വാറികൾ പ്രവർത്തനക്ഷമമാക്കി ലഭ്യമാക്കുന്നതിനായി കരാർ കമ്പനി 2018 മുതലാണ് വിവിധ അപേക്ഷകൾ നൽകിയിട്ടുള്ളത്. ഇതിൽ നാളിതുവരെ 5 ക്വാറികൾക്ക് എല്ലാവിധ അനുമതികളും സർക്കാർ നൽകുകയും ടി ക്വാറികളിൽ നിന്നും പദ്ധതിക്കായി കരിങ്കല്ല് ലഭ്യമാക്കുന്നുമുണ്ട്. ഇതിനു പുറമേ, 5 ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുകയും, ടി ക്വാറികൾ 2-3 മാസത്തിനുള്ളിൽ തന്നെ പ്രവർത്തനക്ഷമമാക്കി കരിങ്കല്ല് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചും വരികയാണ്. കൂടാതെ, പാരിസ്ഥിതികാനുമതി നേടുന്നതിനായി 3 ക്വാറികൾ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ |

| | | | |
|---|---|---|---|
| | | | കമ്മറ്റിയുടെ (SEIAA) അന്തിമ പരിഗണനയിലുമാണ്. കൂടാതെ, പദ്ധതിയ്ക്കായി തമിഴ്നാട്ടിലെ ക്വാറികളിൽ നിന്നും പാറ ലഭ്യമാക്കുന്നതിനും ഇത് തടസ്സരഹിതമായി റോഡ് മാർഗ്ഗം പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുമായി തമിഴ്നാട് സർക്കാരിന്റെ സഹകരണവും സംസ്ഥാന സർക്കാർ തേടിയിട്ടുണ്ട്. |
| (ബി) | 2024-ൽ മാത്രമെ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്ന് അദാനി ഗ്രൂപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കരാർ പ്രകാരമുള്ള പിഴ ഈടാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കരാർ കമ്പനി 2022 ജൂണിൽ സമർപ്പിച്ച പുതുക്കിയ പദ്ധതി പൂർത്തീകരണ ഷെഡ്യൂൾ പ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തി കൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളതെങ്കിലും ആയത് സർക്കാർ അംഗീകരിച്ചിട്ടില്ല.<br><br>പദ്ധതി സമയബന്ധിതമായി പൂർത്തിയാകാത്ത തിനാൽ 2020 മാർച്ച് മാസത്തിൽത്തന്നെ പിഴ ഈടാക്കുന്നതിനായുള്ള നോട്ടീസ് കരാർ കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ, നിർമ്മാണ പൂർത്തീകരണം വൈകിയത് പ്രകൃതി ക്ഷോഭം, കോവിഡ് മഹാമാരി തുടങ്ങിയ Force Majeure ഘടകങ്ങൾ മൂലമാണെന്ന് അവകാശപ്പെടുകയും, നിർമ്മാണ കാലയളവ് 5 വർഷം കൂടി നീട്ടി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കരാർ കമ്പനി ആർബിട്രേഷൻ ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നിലവിലെ സാഹചര്യത്തിൽ പദ്ധതി ഏത് വർഷം പൂർത്തീകരിക്കുമെന്നാണ് കണക്കാക്കുന്നത്; പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കരാർ പ്രകാരം 2019 ഡിസംബറിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. ഇതിന് കഴിയാതെ വന്ന സാഹചര്യത്തിൽ കൺസഷണയർ 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരി ക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2022 അവസാനത്തോടെയോ 2023 ആദ്യ മാസങ്ങളിലോ ആദ്യ കപ്പൽ വിഴിഞ്ഞത്തെത്തുന്ന തരത്തിൽ പണികൾ പൂർത്തീകരിക്കുവാൻ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ പൂർത്തീകരണത്തിന് ഏറ്റവും അനിവാര്യമായത് കരിങ്കല്ലിന്റെ സമയബന്ധിതമായുള്ള ലഭ്യമാക്കലാണ്. ആയതിലേക്കായുള്ള കരാർ കമ്പനിയുടെ എല്ലാ ശ്രമങ്ങൾക്കും സർക്കാർ തലത്തിൽ ആവശ്യമായ സഹായങ്ങൾ നൽകുക വഴി തുറമുഖ നിർമ്മാണം |

| | | | |
|---|---|---|---|
| | | | അതിവേഗം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഡി) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട റെയിൽ പാതയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത റെയിൽ പാതയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ? | (ഡി) | വിഴിഞ്ഞം തുറമുഖത്തിനെ തിരുവനന്തപുരം - കന്യാകുമാരി റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന പുതിയ പാതയുടെ നിർമ്മാണത്തിനായി കൊങ്കൺ റെയിൽവേ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) ന് ദക്ഷിണ റെയിൽവേ 2022 മാർച്ചിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 6.431 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ